**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1842** **02-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ ആക്രമണങ്ങൾക്ക് വിധേയരായവർക്ക് വേണ്ടി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധതരം ആക്രമണങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ, അംഗപരിമിതർ, കുട്ടികൾ, വൃദ്ധർ, നിരാലംബർ, തെരുവിൽ അലഞ്ഞു നടക്കുന്ന ആശ്രയമില്ലാത്തവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർക്കായി വൈദ്യസഹായം, സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം, അനുബന്ധ ധനസഹായം എന്നിവ ഉറപ്പാക്കാനായി സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, പ്രൊബേഷൻകാർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തികളുടെ ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതികളാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമുള്ള പദ്ധതികൾ സംസ്ഥാന വനിതാശിശു വികസന വകുപ്പ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്.<br><br>പ്രൊബേഷൻ & ആഫ്റ്റർ കെയർ സേവനങ്ങളുടെ ഭാഗമായി അതിക്രമത്തിന് ഇരയായവർ/ അവരുടെ ആശ്രിതർ എന്നിവർക്ക് വേണ്ടിയുള്ള താഴെ പറയുന്ന പദ്ധതികളാണ് സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്.<br><br>1. അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം<br><br>2. ജീവനം - സ്വയം തൊഴിൽ പുനരധിവാസ പദ്ധതി<br><br>3. മിത്രം പദ്ധതി - പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം<br><br>4. ഭിന്നശേഷിക്കാർക്കായുള്ള പരിരക്ഷ പദ്ധതി<br><br>5. ഇംപ്രസ്റ്റ് മണി പദ്ധതി<br><br>6. വയോരക്ഷ പദ്ധതി<br><br>7. കരുതൽ പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I-ആയി ചേർക്കുന്നു |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ? | (ബി) | മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഈ സാമ്പത്തികവർഷം ഇതുവരെ ധനസഹായം അനുവദിച്ചവരുടെ കണക്ക് അനുബന്ധം- 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

## പദ്ധതി വിശദാംശങ്ങൾ

### 1. അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

അതിക്രമത്തിന് ഇരയായി കൊല്ലപ്പെടുകയോ, കിടപ്പിലാവുകയോ / ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തവരുടെ മക്കൾക്ക് വിദ്യാഭ്യാസം തുടരുന്നതിന്/ തുടങ്ങുന്നതിനായി ടി പദ്ധതി വഴി താഴെ പറയും പ്രകാരം വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

| പഠിക്കുന്ന ക്ലാസ്സ് | അക്കാദമിക വർഷം അനുഭവിക്കുന്ന തുക |
|---|---|
| 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കും | Rs. 3000/- |
| 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് | Rs. 5000/- |
| ഹയർ സെക്കന്ററി | Rs. 7500/- |
| ബിരുദ വിദ്യാർത്ഥികൾക്ക് | Rs. 10,000/- |
| പി.ജി/എം.ഫിൽ വിദ്യാർത്ഥികൾക്ക് | Rs. 15,000/- |

യോഗ്യതാ മാനദണ്ഡങ്ങൾ

1. കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

2. കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന സ്ഥലത്തെ വാർഡ് കൗൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം.

3. .താഴെ പറയുന്ന ധനസഹായ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വീണ്ടും തുക അനുവദിക്കില്ല.

   a. സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി.

   b. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിജ്ഞാനദീപ്തി അഥവാ സ്പോൺസർഷിപ്പ് പദ്ധതി.

   c. വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ധനസഹായം

   d. തടവുകാരുട മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ സഹായം

4. ഡിഗ്രി തലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

5. കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫിസിൽ അപേക്ഷിച്ചിരിക്കണം.

6. ഒരു വർഷം അനുവദിച്ചാൽ കുട്ടിയുടെ വിദ്യാഭ്യാസം തുടരുന്നതിനായി സ്കൂൾ കോളേജ് മേധാവിയോ പുതുതായി വിദ്യാഭ്യാസത്തിന് ചേർന്ന സ്ഥാപന മേധാവിയോ സാക്ഷ്യപ്പെടുത്തുന്ന പക്ഷം തുടർ വർഷങ്ങളിലും തുക അനുവദിക്കാവുന്നതാണ്.

7. കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക.

8. റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.

## 2. . ജീവനം- സ്വയം തൊഴിൽ പുനരധിവാസ പദ്ധതി

കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്കും, ഗുരുതര പരുക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് 'ജീവനം'. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഒറ്റതവണ ധനസഹായമായി 20,000/- രൂപ നൽകുന്നു.

മാനദണ്ഡം

(1) അപേക്ഷകൻ കുറ്റകൃത്യത്തിന് ഇരയായി ഗുരുതര പരുക്ക് പറ്റിയ വ്യക്തിയോ അല്ലെങ്കിൽ കുറ്റകൃത്യത്തിന് ഇരയായി മരണപെട്ടയാളുടെ (ഭാര്യ / ഭർത്താവ് / അവിവാഹിതരായ മകൻ/മകൾ ആയിരിക്കണം)

(2) കുടുംബത്തിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം

(3) കുറ്റകൃത്യം നടന്ന് 5 വർഷത്തിനകം അപേക്ഷിച്ചിരിക്കണം.

(4) അപേക്ഷകന്റെ അക്കൗണ്ടിലായിരിക്കും ധനസഹായം കൈമാറുക

(5) സ്വയം തൊഴിൽ ധനസഹായം ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന തൊഴിൽ യൂണിറ്റ് 3 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ പാടില്ല .

(6) ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവ് 200 രൂപ മുദ്ര പത്രത്തിൽ സാമൂഹ്യനീതി വകുപ്പുമായി മേൽസൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## 3. മിത്രം പദ്ധതി- പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

കുറ്റകൃത്യങ്ങളിൽ ഇരയാക്കപ്പെട്ട വ്യക്തികൾക്ക് പൊതുസമൂഹത്തിൽ ഒരു ജോലി ലഭിക്കുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ

വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിലിൽ പരിശീലനം നൽകുകയും അതുവഴി ജോലി ഉറപ്പാക്കുകയോ അല്ലെങ്കിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു പ്രാപ്തരാക്കുകയോ ചെയ്യുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് "മിത്രം"

മുൻ തടവുകാർ , പ്രൊബേഷണർമാർ , തടവുകാരുടെ ആശ്രിതർ (ഭാര്യ /ഭർത്താവ്, കുട്ടികൾ, ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ / അവരുടെ ആശ്രിതർ (ഭാര്യ /ഭർത്താവ്, കുട്ടികൾ, ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി) എന്നിവർ പദ്ധതി ഗുണഭോക്താക്കൾ ആണ്.

**4. ഭിന്നശേഷിക്കാർക്കായുള്ള പരിരക്ഷ പദ്ധതി**

അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് സഹായം നൽകുന്ന പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം എന്നിവ നൽകൽ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന അംഗപരിമിതരെയും അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതരെയും സുരക്ഷിതമായി പുനരധിവാസകേന്ദ്രത്തിൽ എത്തിക്കുന്നതിനും അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും, ഭക്ഷണം, വസ്ത്രം എന്നിവ നൽകുന്നതിനും, പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകൽ, ആസിഡ് ആക്രമണമോ മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുകയോ ചെയ്ത ഭിന്നശേഷിക്കാർക്ക് അടിയന്തിര വൈദ്യസഹായം നൽകൽ, ഭിന്നശേഷിക്കാരുടെ ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകൽ എന്നീ ആവശ്യങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകി വരുന്നുണ്ട്.

## 5. ഇംപ്രസ്റ്റ് മണി.

പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യസഹായം മറ്റു അടിയന്തിര സേവനങ്ങൾ എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇംപ്രസ്റ്റ് മണി.

അടിയന്തിര പ്രാഥമികശുശ്രൂഷ നൽകൽ, മരുന്നുകളും അനുബന്ധ ചികിത്സ ചെലവുകളും, അടിയന്തിര ശസ്ത്രക്രിയ, ലഘു ശസ്ത്രക്രിയകൾ, ആംബുലൻസ് സേവനം, യാത്രചിലവ് എന്നിവയ്ക്കും ഉപേക്ഷിക്കപ്പെട്ടനിലയിൽ കണ്ടെത്തുന്നവരെയും അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്നവരെയും സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനും, ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന്, ജീവനോ, സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിന്, ആശുപത്രി ചികിൽസ ആവശ്യമുള്ളപക്ഷം പരിചാരകർ ആരുമില്ലാത്ത സാഹചര്യത്തിൽ രേഖാമൂലം കുടുംബശ്രീയിൽ നിന്നുള്ളവർ തൊഴിലുറപ്പ് ജോലി ചെയ്യുന്നവർ. /സന്നദ്ധ സംഘടനയിൽ നിന്നുള്ളവർ/അംഗീകൃത ഏജൻസിയിൽ നിന്നുള്ളവർ എന്നിവരെ കെയർഗിവറായി നിയോഗിക്കൽ എന്നീ ആവശ്യങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകി വരുന്നുണ്ട്.

## 6. വയോരക്ഷ പദ്ധതി

സാമൂഹിക സാമ്പത്തിക ശാരീരികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സമൂഹത്തിലെ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോട്ടു കൂടിയാണ് വയോരക്ഷ പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നത്. ആരുടേയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും, ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും,

പങ്കാളികൾ മരണപ്പെട്ട് ഒറ്റയ്ക്ക് ജീവിക്കുന്നതുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര വൈദ്യസഹായം നൽകുക, വയോജനങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുക, കെയർ ഗിവർമാരുടെ സഹായം ഉറപ്പുവരുത്തുക, അത്യാവശ്യഘട്ടങ്ങളിൽ നിയമ സഹായങ്ങൾ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ അതാത് ജില്ലയിലുള്ള വയോജനങ്ങൾക്ക് അടിയന്തിരമായ സഹായം നൽകുന്നതോടൊപ്പം അവർക്ക് സ്ഥിരവും സന്തോഷകരവുമായ ജീവിതസാഹചര്യം ഉറപ്പാക്കുക എന്നതും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

<u>മാനദണ്ഡം</u>

1. BPL കുടുംബങ്ങളിലെ മുതിർന്ന പൗരന്മാർക്ക് പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ്.

2. അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർ ഗിവർമാരുടെ സഹായം, വയോജനങ്ങൾക്ക് ഉപയോഗ്യമായ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്ക് തുകവിനിയോഗിക്കാം.

3. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന മുതിർന്ന പൗരന്മാരെയോ അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്ന മുതിർന്ന പൗരന്മാരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും സേവനം ലഭ്യമാകും.

4. പ്രകൃതി ദുരന്തത്തിനിരയാകുന്ന മുതിർന്ന പൗരന്മാർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനു പദ്ധതി പ്രകാരം സേവനം ലഭ്യമാകും.

5. മുതിർന്ന പൗരന്മാർക്കെതിരെയുള്ള ആക്രമണങ്ങൾ മറ്റ് ഗുരുതരമായ അപകടം, പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനും പദ്ധതി തുക

വിനിയോഗിക്കാവുന്നതാണ്.

6. മുതിർന്ന പൗരന്മാരുടെ ജീവനോ, സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും പദ്ധതി മുഖേന സാധ്യമാകും.

7. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെ അനാഥരായ മുതിർന്ന പൗരന്മാരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുക വിനിയോഗിക്കാം.

8. പ്രാഥമിക ചികിത്സ നൽകുന്നതിനു സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ് എന്നാൽ വിദഗ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയതു സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം കെയർ ഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

9. Inpatient ആയി ചികിത്സ ലഭ്യമാക്കേണ്ട കേസുകളിൽ (അടിയന്തിര ചികിത്സ, ശസ്ത്രക്രിയ തുടങ്ങിയ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തി റൂം വാടക അനുവദിക്കാവുന്നതാണ്.

## 7. കരുതൽ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ശസ്ത്രക്രിയയിലെ പിഴവുകൾ മൂലം സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ നിരവധി ആത്മഹത്യകൾ സംസ്ഥാനത്ത് സംഭവിക്കുകയും പൊതുജന ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ

തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി ലക്ഷ്യമാക്കുന്നത്.

1) അടിയന്തിര സാഹചര്യം ഉണ്ടാകുന്ന പക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസറെ അറിയിക്കുന്നതിന് ട്രാൻസ് ജെൻഡർ പ്രതിനിധികൾ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി ടി പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. സമിതി യോഗത്തിൽ ട്രാൻസ്ജെൻഡർ പ്രതിനിധികളെ കൂടാതെ കുറഞ്ഞത് 3 പേരുടെയെങ്കിലും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

2) ട്രാൻസ്ജെൻഡർ സർട്ടിഫിക്കറ്റ് / ട്രാൻസ്ജെൻഡർ ID കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.

3) അടിയന്തര സാഹചര്യത്തിൽ നൽകുന്ന സേവനം ആയതിനാൽ ദാരിദ്ര്യരേഖ പരിധി, റേഷൻ കാർഡ്, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഒഴിവാക്കേണ്ടതാണ്.

4) അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം, നിയമ സഹായം തുടങ്ങിയ കാര്യങ്ങൾക്ക് ഉപദേശകസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർക്ക് തുക വിനിയോഗിക്കാവുന്നതാണ്.

5) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ ഉറപ്പാക്കുന്നതിനായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

6) നിരാലംബരായ സാഹചര്യത്തിലോ, മറ്റു ക്രൈസിസുകൾ മുഖേനയോ വരുന്ന ടാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിതമായി കെയർ ഹോമുകൾ /ഷെൽറ്റർ ഹോമുകളിൽ എത്തിക്കുന്നതിനും അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും , ഭക്ഷണത്തിനും,

വസ്ത്രത്തിനും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

7) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് വിനിയോഗിക്കാവുന്നതാണ്.

8) ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

9) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

10) വളരെ അത്യാവശ്യഘട്ടങ്ങളിൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായോ മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

11) 25,000 /- രൂപവരെയുള്ള ധനസഹായ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ഉപദേശക സമിതിയുടെ അനുമതി ലഭ്യമാക്കാതെ തന്നെ ചെലവാക്കാവുന്നതും അടുത്ത കമ്മിറ്റിയിൽ അവതരിപ്പിച്ച സാധൂകരണം ലഭ്യമാക്കേണ്ടതുമാണ് . 25000/- രൂപയ്ക്ക് മുകളിലുള്ള അപേക്ഷകൾ സമിതിയുടെ തീരുമാനത്തിന് വിധേയമായും അനുവദിക്കാവുന്നതാണ് .

12) ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രം ധനസഹായം അനുവദിക്കേണ്ടതുള്ളു.

13) പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

**സംസ്ഥാനത്ത് വിവിധതരം അക്രമണങ്ങൾക്ക് വിധേയരാക്കപ്പെട്ട ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡറുകൾ, പ്രൊബേഷൻകാർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ**

**അനുബന്ധം- II**

| ക്രമ നം | ബന്ധപ്പെട്ട വിഭാഗം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | അതിക്രമത്തിന് ഇരയായവർ (പ്രൊബേഷൻ ആന്റ് ആഫ്റ്റർ സർവ്വീസ്) | അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 14 |
| | | ജീവനം- സ്വയം തൊഴിൽ പുനരധിവാസ പദ്ധതി | 13 |
| | | മിത്രം പദ്ധതി- പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യം പരിശീലനം | 63 |
| 2 | ഭിന്നശേഷിക്കാർ | പരിരക്ഷ പദ്ധതി | 8 |
| | | ഇംപ്രസ്റ്റ് മണി | 3 |
| 3 | വയോജനങ്ങൾ | വയോരക്ഷ പദ്ധതി | 26 |
| 4 | ട്രാൻസ്ജെൻഡർ | കരുതൽ പദ്ധതി | 2 |